(സി) റോഡു നിർമ്മാണത്തിലും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്ന എഞ്ചിനീയർമാർക്കും കരാറുകാർക്കും പെരുമാറ്റച്ചട്ടം ഏർപ്പെടുത്തുന്ന കാര്യം ആലോചനയിലുണ്ടോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ പൊതുജനങ്ങളുടെ പരാതികൾ അറിയിക്കുന്നതിനായി ഒരു പബ്ലിക് ഇൻഫർമേഷൻ സെൽ പ്രവർത്തിച്ചു വരുന്നു. പൊതുജനങ്ങൾക്ക് അവരുടെ പരാതികൾ 18004257771 എന്ന ടോൾ ഫ്രീ നമ്പരിൽ വിളിച്ച് ഈ സെല്ലിൽ അറിയിക്കാവുന്നതാണ്. പ്രസ്തുത പരാതികൾ ലഭിച്ചാൽ ഉടനടി അതാതു മേഖലയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുന്നതും 48 മണിക്കൂറിനകം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാതിക്കാരനെ ബന്ധപ്പെട്ട പരാതിയുടെ വിശദവിവരം ശേഖരിച്ചതിനുശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതുമാണ്. പരാതിയിൽ സ്വീകരിച്ച നടപടി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻഫർമേഷൻ സെല്ലിൽ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഓരോ പരാതിയിന്മേലും കൈക്കൊള്ളുന്ന നടപടികളെ സംബന്ധിച്ച് മേലുദ്യോഗസ്ഥർ പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.

(സി) എഞ്ചിനീയർമാർക്ക് പെരുമാറ്റചട്ടം നിലവിലുണ്ട്. കരാറുകാർക്ക് നിശ്ചിത കരാർ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ ഏൽപ്പിച്ചു നൽകുന്നത്. പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

പി.ഡബ്ല്യു.ഡി. മാന്വൽ കാലികമായി പരിഷ്ക്കരിക്കാൻ നടപടി

193 (4547) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ രേഖയായ പി.ഡബ്ല്യു.ഡി. മാന്വൽ താലികമായി പരിഷ്ക്കരിക്കപ്പെടേണ്ടതാണെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാങ്കേതിക വിദ്യയിലുണ്ടായ വളർച്ചയ്ക്കനുസരിച്ച് എന്തെല്ലാം പരിഷ്ക്കാരങ്ങൾ പി.ഡബ്ല്യു.ഡി. മാന്വലിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഓരോ നിർമ്മാണ പ്രവൃത്തിയുടേയും പ്രത്യേകിച്ച് പാലങ്ങൾ പോലെയുള്ള വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് നടത്തപ്പെടുന്ന ഇൻവെസ്റ്റിഗേഷൻ, പ്രീ-കൺസ്ട്രക്ഷൻ പഠനങ്ങൾ കാലാനുസൃതമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് മെച്ചപ്പെടുത്തുന്നതിനും കാലികമാക്കുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഇ) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരുടെ ചുമതലകളും ഉത്തരവാദിത്വവും പുതുക്കി നിർണ്ണയിക്കുവാൻ ആലോചിക്കുന്നുണ്ടോ ; വിശദീകരിക്കുമോ :

(എഫ്) നിലവിൽ പൊതുമരാമത്ത് വകുപ്പിൽ എഞ്ചിനീയർമാരുടെ അപര്യാപ്തതയുണ്ടോ ; എങ്കിൽ അത് നികത്തുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള പി.ഡബ്ല്യൂ.ഡി. മാന്വൽ 1972 - ൽ നിലവിൽ വന്നതാണ്. നിർമ്മാണ മേഖലയിൽ ആധുനികമായി വന്നിട്ടുള്ള എല്ലാ മാറ്റങ്ങളും, അവയുടെ നടത്തിപ്പിൽ വന്നിട്ടുള്ള മാറ്റങ്ങളും ഉൾക്കൊള്ളിച്ച് നിലവിലുള്ള മാന്വൽ പരിഷ്ക്കരിക്കുന്നതാണ്. ഓർഗനൈസേഷണൽ മാനേജ്മെന്റിലും പ്ലാനിംഗ് ആന്റ് പോളിസിയിലും പ്രോജക്ട് പ്രിപ്പറേഷനിലും പ്രോജക്ട് ഇംപ്ലിമെന്റേഷനിലും അസറ്റ് മാനേജ്മെന്റിലും ആവശ്യമായ എല്ലാ മാറ്റങ്ങളും പുതിയ മാന്വലിൽ വരുത്തുന്നതാണ്. ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉൾപ്പെടെ വിവരസാങ്കേതിക രംഗത്തെ നൂതന സാങ്കേതിക വിദ്യയും ആധുനിക നിർമ്മാണ സാങ്കേതിക വിദ്യയും ഉപയോഗിക്കാനുള്ള നിർദ്ദേശങ്ങളും മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കാലാനുസൃത മാറ്റങ്ങൾ പുതിയ മാന്വലിൽ ഉൾക്കൊള്ളിക്കുന്നതാണ്. മണ്ണിന്റെ ഘടനയേയും അതിന്റെ സെയ്ഫ് ബെയറിംഗ് കപ്പാസിറ്റിയേയും കുറിച്ച് പഠിക്കുന്നതിനായി നടത്തുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ കാലാനുസൃതമാണ്. വിശദമായ പഠനം നടത്താതെ തന്നെ എസ്.ബി.സി. കണ്ടുപിടിക്കുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ (പ്രഷർ മീറ്റർ മുതലായവ) കെ.എച്ച്.ആർ.ഐ. പോലുള്ള സർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് പാലങ്ങൾ പോലെയുള്ള വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രീ കൺസ്ട്രക്ഷൻ പഠനങ്ങൾ എന്നിവ കാലാനുസൃതമായി പരീക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുതിയ പി.ഡബ്ല്യൂ.ഡി. മാന്വലിലും സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എഞ്ചിനീയർമാരുടെ സാമ്പത്തികവും സാങ്കേതികവുമായ അധികാരങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

(എഫ്) ഇല്ല.

നിയമവിരുദ്ധമായ ടെൻഡറുകൾ

194 (4548) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പൊതുമരാമത്തു വകുപ്പിൽ നടന്ന ടെന്ററുകളിൽ നിയമവിരുദ്ധമായോ ചട്ടവിരുദ്ധമായോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായ പരാതി പരിഗണനയിലുണ്ടോ ;

(ബി) ടെൻഡർ എക്സസ് നൽകാൻ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മാനദണ്ഡങ്ങൾക്ക് വിരിദ്ധമായി ടെൻഡർ എക്സസ് നൽകാൻ നടപടികൾ സ്വീകരിച്ചതായി പരാതിയുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. ഇടുക്കി നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ. ജോസഫ് ചട്ടവിരുദ്ധമായി പദ്ധതിയേതര പ്രവൃത്തികളുടെ ദർഘാസ് ക്ഷണിച്ചിരുന്നു. പ്രസ്തുത നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അപ്രകാരം ദർഘാസുകൾ ക്ഷണിച്ച എല്ലാ പ്രവൃത്തികളും റദ്ദാക്കുകയും പ്രസ്തുത എക്സിക്യൂട്ടീവ് എഞ്ചിനീയറെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്.

(ബി) ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 25 ലക്ഷം രൂപ വരെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് അഞ്ചു ശതമാനം ടെൻഡർ എക്സസ് അനുവദിക്കുന്നതിന് അധികാരമുണ്ട്. മുന്നു കോടിരൂപ വരെ അടങ്കൽ തുക വരുന്ന പ്രവൃത്തികൾക്ക് (2009 SOR) 10% ടെൻഡർ എക്സസ് നൽകുന്നതിന് ചീഫ് എഞ്ചിനീയർക്കും അതിനുമുകളിൽ എല്ലാ പ്രവൃത്തികൾക്കും ടെൻഡർ എക്സസ് നൽകുന്നത് സർക്കാർ ഉത്തരവിലൂടെയുമാണ്. പത്തു ശതമാനത്തിനു മുകളിൽ ടെൻഡർ എക്സസ് നൽകുന്നത് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തിയ കമ്പോള നിരക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി താരതമ്യ പഠനം നടത്തിയാണ്.

(സി) പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly